# 7. വിദ്യാഭ്യാസം വിദ്യാർത്ഥിക്ക്

പ്രപഞ്ചത്തെ അറിയുന്നതിനുള്ള ക്രമാനുഗതവും യുക്തിസംഗതമായ മനുഷ്യ പ്രയത്നമാണ് വിജ്ഞാനം (സയൻസ്). എന്നാൽ, പ്രപഞ്ചമെന്നത് അത്യന്തം സങ്കീർണമായ ഒരു പ്രതിഭാസമാകുന്നു. പ്രപഞ്ചത്തെ അതിന്റെ ആകെത്തുകയിൽ മനസ്സിലാക്കുകയെന്നത് പരിമിത വിഭവനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം അസാധ്യംതന്നെയാണ്. അക്കാരണത്താൽ പ്രപഞ്ചത്തിന്റെ ഏതെങ്കിലുമൊരു ചെറിയ അംശത്തെ വേർതിരിച്ചെടുത്ത് കഴിയുന്നത്ര പൂർണമായി അപഗ്രഥിക്കുന്നതിന് വിജ്ഞാനം (സയൻസ്) ശ്രമിക്കുന്നു. വിജ്ഞാനത്തിന്റെ എല്ലാ വിഭാഗങ്ങളും ഇങ്ങനെ പ്രപഞ്ചത്തിലെ ഏതെങ്കിലും ചില പ്രതിഭാസഭാഗങ്ങളെ ഒററപ്പെടുത്തിയെടുത്ത് അപഗ്രഥിച്ച് പഠിക്കുന്നവയാണ്. പഠനം ഉയർന്നുയർന്നു പോകുന്തോറും പഠനത്തിനു വിധേയമായ പ്രപഞ്ചഭാഗത്തിന്റെ വ്യാപ്തി കുറഞ്ഞുകുറഞ്ഞു വരുന്നു. വ്യാപ്തി കുറയുക, ആഴം ഏറുക—ഇതാണ് വിശേഷവത്കൃതപഠനത്തിന്റെ (സ്പെഷലൈസേഷന്റെ) രൂപം. വിജ്ഞാനത്തിന്റെ എല്ലാ മേഖലകളിലും ഇതാണ് സ്ഥിതി.

വിദ്യാഭ്യാസത്തിൽ നാം വിജ്ഞാനത്തിന് (സയൻസിന്) കൂടുതൽ കൂടുതൽ സ്ഥാനം നൽകിക്കൊണ്ടിരിക്കുകയാണല്ലോ. ഇതിന് ആശാസ്യമായ ഫലങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. രസതന്ത്രം, ഭൗതികം എന്നീ രണ്ടു വിജ്ഞാനശാഖകളിൽ അവഗാഹം നേടേണ്ടതു് യന്ത്രവത്കൃതങ്ങളായ ആധുനിക വ്യവസായങ്ങളും വിജയകരമായി നടത്തുന്നതിന് ആവശ്യമാകുന്നു. ജീവശാസ്ത്രവും രസതന്ത്രവുമാണ് വൈദ്യശാസ്ത്രത്തിന്റെ രണ്ടു നെടുംതൂണുകളും. വിവരങ്ങളും ശേഖരിക്കുക, സൂക്ഷിക്കുക, ഉപയോഗപ്പെടുത്തുക എന്നീ മണ്ഡലങ്ങളിൽ സമഗ്രമായ വിപ്ലവം ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുകയാണല്ലോ. കമ്പ്യൂട്ടറുകളുടെ അരങ്ങേററം കുറിക്കുന്നത് ഈ വിപ്ലവത്തെയാകുന്നു. ഗണിതശാസ്ത്രത്തിന്റെ വികാസമാണ് ഈ വിപ്ലവം സാദ്ധ്യമാക്കിയിട്ടുള്ളതു്. ഇതുപോലെ സഹസ്രശാഖയായി പൊട്ടിത്തഴച്ചു വളരുന്ന ആധുനികവിജ്ഞാനത്തിന്റെ ഓരോ ശാഖയും ജീവിതത്തെ കൂടുതൽ സമ്പന്നമാക്കുന്നതിന് നേരിട്ടും അല്ലാതെയും ഉപകരിക്കുന്നുണ്ട്. അതിനാൽ, വിദ്യാഭ്യാസത്തിൽ സയൻസിന് കൂടുതൽ പ്രാമുഖ്യം നൽകുന്നതിന് ഇന്ന് ആരുംതന്നെ എതിരല്ല.

അതേസമയം സയൻസിലുള്ള ഊന്നൽകൊണ്ട് വിദ്യാഭ്യാസത്തിനു വന്നുചേരുന്ന ഒരു വൈകല്യത്തെ കാണാതിരിക്കുന്നതും ശരിയാവില്ല. എല്ലാ വിജ്ഞാനശാഖകളും പ്രപഞ്ചത്തിന്റെ ഭാഗികവീക്ഷണമേ നൽകുന്നുള്ളു എന്ന് പറഞ്ഞല്ലോ. അതിനാൽ, പൂർണവും ഉദ്ഗ്രഥിതവുമായ ഒരു പ്രപഞ്ചവീക്ഷണവും അതിനെ ആസ്പദമാക്കി തൃപ്തികരമായ ഒരു ജീവിതവീക്ഷണവും രൂപപ്പെടുത്തുവാൻ ആധുനികവിദ്യാഭ്യാസം വിദ്യാർത്ഥികളെ സഹായിക്കുന്നില്ല. മനുഷ്യസംസ്കാരത്തിന് എത്രയോ സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. ആധുനിക സയൻസ് രൂപംകൊണ്ടിട്ട് കഷ്ടിച്ച് മൂന്നു നൂററാണ്ടുകളേ ആയിട്ടുള്ളു. ആധുനിക സയൻസിലെ ചില ശാഖകൾക്കാകട്ടെ ഏതാനും ദശാബ്ദങ്ങളുടെ പ്രായമേ ഉള്ളു. സയൻസിന്റെ ഈ ശാഖകൾക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന വിദ്യാഭ്യാസത്തിന് ആയിരത്താണ്ടുകളിലൂടെ സഞ്ചയിക്കപ്പെട്ട മനുഷ്യസംസ്കാരത്തിന്റെ വളരെ വിപുലമായ ഒരു ഭാഗം തികച്ചും അപ്രാപ്യമാവാനാണു സാദ്ധ്യത.

പ്രപഞ്ചത്തെക്കുറിച്ച് ഏറെക്കുറെ പൂർണമായ വീക്ഷണം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ് ചരിത്രം, ധനശാസ്ത്രം, രാഷ്ട്രതന്ത്രം മുതലായ മാനവിക വിഷയങ്ങളും (ഹ്യൂമാനിററീസ്), സാഹിത്യം, സംഗീതം മുതലായ കലകളും (ആർട്സ്), തത്ത്വചിന്തയും മതവും മററും. പൂർണതയ്ക്കുവേണ്ടിയുള്ള ശ്രമംനിമിത്തം ഇവയിൽ

നിന്നു ലഭിക്കുന്ന പ്രപഞ്ചവീക്ഷണത്തിന് വൈശദ്യം കുറഞ്ഞുപോകുന്നു എന്ന ആക്ഷേപം ഒരളവുവരെ സത്യമാണ്. ഒരു ഭൂദൃശ്യത്തെ ആകെ നോക്കുമ്പോൾ അതിലെ ചെറുപ്രാണികളും ചെറിയ സസ്യങ്ങളുമൊന്നും നമ്മുടെ ദൃഷ്ടിയിൽ പെടാറില്ലല്ലൊ. പരപ്പിന്റെ ലാഭം ആഴത്തിന്റെ നഷ്ടത്തിൽ അവസാനിക്കുന്നു. എങ്കിലും, മരം കാണുകവഴി കാടു കാണാതിരിക്കുക എന്ന ദുര്യോഗം ഇവിടെ സംഭവിക്കുന്നില്ല. മാത്രമല്ല, മേല്പറഞ്ഞ വിഷയങ്ങളുടെ പഠനം നമ്മെ സഹസ്രാബ്ദങ്ങളിലൂടെ പിറകോട്ട്, മനുഷ്യചേതനയുടെ ആദിമ സ്രോതസ്സുകൾവരെ നയിക്കുന്നു എന്ന മെച്ചവും ഉണ്ട്.

സയൻസിന്റെ പഠനത്തിലൂടെ കൈവരുന്ന സംസ്കാരത്തെയും മാനവിക (ഹ്യൂമാനിറ്റീസ്) വിഷയങ്ങളുടെ പഠനത്തിലൂടെ കൈവരുന്ന സംസ്കാരത്തെയും തികച്ചും വ്യത്യസ്തങ്ങളോ വിരുദ്ധങ്ങൾതന്നെയോ ആയ രണ്ടു ജീവിതവീക്ഷണങ്ങളായി പലരും ചിത്രീകരിച്ചിട്ടുണ്ട്. യൂറോപ്യൻ മാതൃകയിലുള്ള സർവകലാശാലകൾ അന്യോന്യവിരുദ്ധങ്ങളായ രണ്ടു ജീവിതവീക്ഷണങ്ങൾ ഉൾക്കൊണ്ട രണ്ടുതരം അഭ്യസ്തവിദ്യരെ സൃഷ്ടിക്കുന്നു എന്നും ഇവർക്കു തമ്മിൽ യാതൊരു തരത്തിലുള്ള ആശയവിനിമയവും നടക്കുന്നില്ലെന്നുമുള്ള വാദം ഏതാനും വർഷം മുമ്പ് സി.പി. സ്നോ എന്ന ബ്രിട്ടീഷ് ചിന്തകൻ ഉന്നയിക്കുകയുണ്ടായി. സയൻസിൽ വിശേഷവത്കരണം(സ്പെഷലൈസേഷൻ)നേടുന്നവർ ഏതാനും മാനവിക വിഷയങ്ങളും മാനവികവിഷയങ്ങളിൽ വൈദഗ്ധ്യം ആർജിക്കുന്നവർ കുറെ സയൻസും പഠിക്കണമെന്ന വിചാരം ഈ വാദത്തിൽനിന്ന് ഉത്ഭവിച്ചതാണ്. അഭ്യസ്തവിദ്യർ പ്രത്യേകിച്ചും സർവകലാശാലാദ്ധ്യാപകർ അന്യോന്യം ഒരു ബന്ധവുമില്ലാത്ത രണ്ടു വർഗങ്ങളായി മാറിക്കൂടല്ലൊ.

പഠിക്കുന്നവർക്കു വേണ്ടിയുള്ളതാണ് പഠിപ്പ്. അവർക്കു സുഖം നൽകാനും അവരുടെ ദുഃഖം അകറ്റാനും പഠിപ്പ് ഉപകരിക്കണം. എത്രയും പ്രകടമാണ് ഈ വസ്തുത. എന്നാൽ, സുഖം എന്ത് എന്നോ, അത് എങ്ങനെ നേടാമെന്നോ ഉള്ള കാര്യത്തിൽ വ്യക്തമായ ധാരണയുള്ളവർ വളരെ കുറവാകുന്നു. ഇതു സംബന്ധിച്ച് അവ്യക്തമായെങ്കിലും ചില ധാരണകൾ മുമ്പു കൈവന്നിരുന്നത് മതങ്ങളിൽനിന്നായിരുന്നു. മതത്തിന്റെ സ്വാധീനം കുറഞ്ഞുവരികയാണല്ലൊ. പൊതു വിദ്യാഭ്യാസവ്യവസ്ഥിതിയിൽ മതത്തിന് ഒരു സ്ഥാനവുമില്ലെന്നും വന്നിരിക്കുന്നു. ആ നിലയ്ക്ക് പൊതുവിദ്യാഭ്യാസം തത്ത്വചിന്തയിൽനിന്നോ മനശ്ശാസ്ത്രത്തിൽനിന്നോ സാഹിത്യത്തിൽനിന്നോ ഇത്തരം അടിസ്ഥാനധാരണകൾ ഉൾക്കൊള്ളേണ്ടതു് ആവശ്യമായി വന്നിരിക്കുന്നു.

പുറമേനിന്നുള്ള പ്രചോദനങ്ങൾ വ്യക്തിയിൽ പ്രതികരണങ്ങളുണ്ടാക്കുന്നു. ഈ പ്രതികരണങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുകയാണെങ്കിൽ അവ വ്യക്തിയുടെ സ്വഭാവം ആയിത്തീരുന്നു. ഏതാണ്ട് ഈ തരത്തിലാണ് 'വ്യക്തിത്വത്തെ' മനശ്ശാസ്ത്രത്തിലെ ഒരു പ്രമുഖ വിഭാഗമായ ബിഹേവിയറിസ്റ്റുകൾ വ്യാഖ്യാനിച്ചിരുന്നത്. മറ്റൊരു വിഭാഗമായ മാനസികാപഗ്രഥനക്കാരാകട്ടെ, കാമക്രോധങ്ങളാണ് മനുഷ്യന്റെ അടിസ്ഥാന വികാരങ്ങളെന്ന് ആണയിട്ടു വന്നു. വ്യക്തികളുടെ പാരതന്ത്ര്യത്തിലും പെരുമാറ്റങ്ങളുടെ പൂർവനിർണീതത്ത്വത്തിലുമാണ് ഈ രണ്ടു കൂട്ടരും ഊന്നിയിരുന്നത്.

മനശ്ശാസ്ത്രത്തിലെ ഏറ്റവും പുതിയ വികാസമാണ് ഹ്യൂമനിസ്റ്റ് സൈക്കോളജി. അസ്തിത്വവാദത്തിൽനിന്ന് പ്രേരണയുൾക്കൊണ്ട ഹ്യൂമനിസ്റ്റുകൾ മനുഷ്യന്റെ പരമമായ സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നു. മനുഷ്യൻ സുഖം കണ്ടെത്തുന്നതു് ആത്മസാക്ഷാത്കാരത്തിൽ (സെൽഫ് ആക്ച്വലൈസേഷൻ) ആണെന്ന് ഹ്യൂമനിസ്റ്റുകൾ കരുതുന്നു. ആത്മസാക്ഷാല്ക്കാരത്തിനുള്ള അദമ്യപ്രേരണ ഓരോ വ്യക്തിയിലുമുണ്ട്. സ്വതന്ത്രമായ ഇച്ഛാശക്തിയും ഓരോ മനുഷ്യന്റെയും കൈമുതലാണ്. അതിനാൽ സ്വന്തം പ്രവൃത്തിമാർഗം തിരഞ്ഞെടുക്കാനും തീരുമാനിക്കാനും നമുക്കോരോരുത്തർക്കും സ്വാതന്ത്ര്യം മാത്രമല്ല ബാദ്ധ്യതകൂടിയുണ്ട്. എന്താണ് ആത്മസാക്ഷാത്കാരം? തന്നിൽ അടങ്ങിയ എല്ലാ സാദ്ധ്യ

തകളുടെയും പൂർണമായ വികാസമാണ് അതു്. 'താൻ' (സെൽഫ്) എന്താണെന്നതിനെപ്പററി ഓരോ വ്യക്തിക്കും ഒരു സങ്കല്പമുണ്ടു്. ഇന്നു് ഉള്ള 'താൻ' മാത്രമല്ല യഥാർത്ഥത്തിൽ 'താൻ' എന്നും ഇതിനും അപ്പുറത്തേക്കും 'താൻ' വളർന്നേ കഴിയൂ എന്നും എല്ലാവരും കരുതുന്നു. ഈ വളർച്ചയ്ക്കുള്ള ശരിയായ മാർഗം എന്തു് എന്നതു മാത്രമാണ് തർക്കവിഷയം. ഈ മാർഗം തെളിയിച്ചു കാണിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമമായ കർത്തവ്യം.

ആശയങ്ങൾ, ദർശനകൾ, മൂല്യങ്ങൾ — അങ്ങനെ പലതും അടങ്ങിയതാണ് ഓരോ വ്യക്തിയുടെയും 'താൻ' എന്ന സങ്കല്പം.. വ്യത്യസ്തങ്ങളായ ഏഴുകൂട്ടം ആവശ്യങ്ങൾ ഓരോ വ്യക്തിക്കുമുള്ളതായി പ്രമുഖ ഹ്യൂമനിസ്റ്റ് മനശ്ശാസ്ത്രജ്ഞനായ അബ്രഹാം മാസ്‌ലോ പ്രസ്താവിച്ചിട്ടുണ്ടു്. മേല്പോട്ട് മേല്പോട്ട് ഉയർന്നുയർന്നു പോകുന്ന ഒരു പിരമിഡിന്റെ ആകൃതിയിലാണ് അദ്ദേഹം ഈ ആവശ്യങ്ങളെ ചിത്രീകരിച്ചിട്ടുള്ളതു്.

1. വിശപ്പ്, ദാഹം മുതലായ ശാരീരികാവശ്യങ്ങളാണ് ഏററവും അടിയിൽ. ഓരോ വ്യക്തിയും ഈ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തിയേ മതിയാവൂ. ഇവ സർവജീവിസാധാരണങ്ങളാണ്.

2. രക്ഷാബോധമാണ് ഇവയ്ക്കു മുകളിലുള്ള രണ്ടാമത്തെ ആവശ്യം. സംസ്കാരമുള്ള ഒരു സമൂഹം, കെട്ടുറപ്പുള്ള ഭരണകൂടം മുതലായവ ഈ ആവശ്യത്തിനു പൂർത്തി നൽകുവാൻ അനുപേക്ഷണീയമാകുന്നു.

3. വ്യക്തിപരങ്ങളായ സ്നേഹാവശ്യങ്ങൾ ഇവയ്ക്കും മുകളിൽ നിലകൊള്ളുന്നു. മററുള്ളവരുമായി ബന്ധപ്പെടാനും കുടുംബങ്ങൾ, ക്ലബ്ബുകൾ, സംഘങ്ങൾ മുതലായവ നിർമിക്കാനും അവയിൽ അംഗമായി സ്വീകരിക്കപ്പെടാനുമുള്ള മനുഷ്യന്റെ തൃഷ്ണ മൗലികമാണ്. ഈ ആവശ്യം നിറവേററപ്പെട്ടേ തീരൂ.

4. ഇതിനും ഉപരിയാണ് സഹജീവികളുടെ മതിപ്പ് (ആദരവ്) നേടുന്നതിനുള്ള മനുഷ്യന്റെ ആവശ്യം. യോഗ്യനാവാൻ പലതും നേടാൻ, ആദരിക്കപ്പെടാൻ ആഗ്രഹിക്കാത്തവർ ഇല്ല. ഈ ആഗ്രഹം നിറവേററുകയെന്നതു് ജീവിതസുഖത്തിന് ആവശ്യമാകുന്നു.

5 കുറച്ചുകൂടി ഉയർന്നതാണ് ജ്ഞാനത്തിനുള്ള ആവശ്യം. അറിയുക, മനസ്സിലാക്കുക, അന്വേഷിച്ചു കണ്ടെത്തുക — മനുഷ്യന്റെ അനാദിതൃഷ്ണകളിലൊന്നാണതു്.

6. എന്നാൽ, ജ്ഞാനം മനുഷ്യന് പൂർണസംതൃപ്തി നൽകുന്നില്ല; അതിന് ആസ്വാദനംകൂടി ആവശ്യമാകുന്നു. ആസ്വാദനത്തിനുള്ള മനുഷ്യന്റെ ആവശ്യത്തെ സൗന്ദര്യം, ക്രമം, പൊരുത്തം, സന്തുലിതത്വം എന്നിവ തൃപ്തിപ്പെടുത്തുന്നു.

7. എല്ലാററിനും മുകളിലായി ആത്മസാക്ഷാത്കാരം സംബന്ധിച്ച മനുഷ്യന്റെ ആവശ്യകതകൾ നിലകൊള്ളുന്നു. സ്വയംപൂർണത നേടുവാൻ, തന്നിൽ നിലീനങ്ങളായ അനന്തസാദ്ധ്യതകൾ യാഥാർത്ഥ്യമാക്കിത്തീർക്കുവാൻ ഓരോ വ്യക്തിയും ഉള്ളിന്നുള്ളിൽ ആഗ്രഹിക്കുന്നു. ഈ ആഗ്രഹമാണ് കൂടുതൽ ഉന്നതങ്ങളും വിശാലങ്ങളുമായ മേഖലകളിൽ കൂടുതൽ അർപ്പണബുദ്ധിയോടെ അദ്ധ്വാനിക്കാൻ ഈ അദ്ധ്വാനത്തിൽ ഭൗതികസൗഖ്യങ്ങളെല്ലാം ത്യജിക്കാൻ അവനെ പ്രേരിപ്പിക്കുന്നതു്.

മണ്ണിൽ വേരൂന്നി ആകാശത്തിൽ ഇല വിരിച്ചു നിൽക്കുന്ന ഒരു മഹാവൃക്ഷത്തോടാണ് ഹ്യൂമനിസ്റ്റ് മനശ്ശാസ്ത്രജ്ഞരുടെ ഈ വ്യക്തിസങ്കല്പത്തെ ഉപമിക്കേണ്ടതു്. ഭൗതികങ്ങളും മാനസികങ്ങളും ആദ്ധ്യാത്മികങ്ങളുമായ പലതരം ആവശ്യങ്ങൾ മനുഷ്യനുണ്ടെന്നും അവരുടെ സന്തുലിതമായ പൂരണത്തിലൂടെ മാത്രമേ വ്യക്തിക്കു സന്തോഷവും സൗഖ്യവും കൈവരികയുള്ളുവെന്നും ഹ്യൂമനിസ്റ്റുകൾ സിദ്ധാന്തിക്കുന്നു.

'ആദ്യം നിന്നെ മനസ്സിലാക്കുക' എന്ന പ്രാചീന യവനരുടെ വീക്ഷണത്തോടു് ഈ സിദ്ധാന്തത്തിനുള്ള ബന്ധം ശ്രദ്ധേയമാണ്. മിസ്റ്റിസിസത്തി

ലേക്കു പോകാതെ ഇവിടെയും ഇപ്പോഴുമുള്ള അനുഭൂതികളിൽ ഊന്നുന്നു എന്നതിനാൽ ഈ വീക്ഷണം മതത്തിന്റേതായ ആത്മവീക്ഷണത്തിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

## 8. കർണാടക സംസ്ഥാനത്തിലെ കോഴക്കോളേജുകൾ

പ്രവേശനത്തിനു മുമ്പ് വിദ്യാർത്ഥികളിൽനിന്നു കനത്ത കോഴ വാങ്ങുന്ന പ്രൈവറ്റ് മെഡിക്കൽ–എൻജിനിയറിങ് കോളേജുകൾക്കു കുപ്രസിദ്ധമാണ് കർണാടക സംസ്ഥാനം. കോൺഗ്രസ് ഭരണകാലത്ത്, പ്രത്യേകിച്ചും ശ്രീ ഗുണ്ടുറാവു മുഖ്യമന്ത്രിയായിരുന്നപ്പോൾ, ആണ് ഉന്നത വിദ്യാഭ്യാസത്തിലെ കോഴ കർണാടക സംസ്ഥാനത്തിൽ വേരുപിടിച്ചു വളർന്നത്. കോൺഗ്രസ് പാർട്ടിയെ സ്ഥാനഭ്രഷ്ടമാക്കി ശ്രീ രാമകൃഷ്ണ ഹെഗഡേയുടെ നേതൃത്വത്തിൽ അധികാരത്തിൽ പ്രവേശിച്ച ജനതാപാർട്ടിയുടെ വാഗ്ദാനങ്ങളിൽ പ്രധാനപ്പെട്ടത് ഉന്നത വിദ്യാഭ്യാസമണ്ഡലത്തിൽനിന്നു കോഴ പൂർണമായും തുടച്ചുനീക്കുമെന്നതായിരുന്നു. ജനതാഗവണ്മെന്റ് ഇപ്പോൾ നിഷ്കാസിതമായിരിക്കുന്നു. കർണാടകത്തിൽ രാഷ്ട്രപതിയുടെ ഭരണം നിലവിൽവന്നിരിക്കുന്നു. എങ്കിലും ഉന്നത വിദ്യാഭ്യാസത്തിലെ കോഴ കർണാടകസംസ്ഥാനത്തിൽ ഇന്നും പഴയപോലെ പന്തലിച്ചുനില്ക്കുന്നു. ആർ ഭരിച്ചാലും കർണാടക സംസ്ഥാനത്തിന് ഈ തിന്മയിൽനിന്ന് ഇനി മോചനമുണ്ടാവുമെന്നു തോന്നുന്നില്ല.

കോഴ നിർത്തലാക്കുന്നതിന് ശ്രീ രാമകൃഷ്ണ ഹെഗഡേ ശ്രമിക്കായ്കയല്ല. 1984–ൽ കർണാടക നിയമസഭ പാസ്സാക്കിയ കർണാടക വിദ്യാഭ്യാസ സ്ഥാപന (തലവരി നിരോധ) നിയമത്തിൽ കോഴ വാങ്ങുന്ന വിദ്യാലയാധികൃതർക്ക് ഏഴു വർഷംവരെ തടവുശിക്ഷയും അയ്യായിരം രൂപവരെ പിഴയും ചുമത്താൻ വ്യവസ്ഥയുണ്ട്. ഇതിനു പുറമെ, ശിക്ഷിക്കപ്പെട്ട വിദ്യാലയാധികൃതർ പ്രവേശനത്തിനു വാങ്ങിയ കോഴ വിദ്യാർത്ഥികൾക്കു തിരിച്ചു നൽകാനും ബാദ്ധ്യസ്ഥരാണ്. 1988 ജൂലൈ 11 മുതൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിനു കോഴ വാങ്ങുന്നത് ഈ നിയമപ്രകാരം കർണാടക സംസ്ഥാനത്തിൽ നിരോധിക്കപ്പെട്ടിരിക്കുന്നു.

നിയമം ഇല്ലാഞ്ഞിട്ടല്ല. ഉള്ള നിയമം നടപ്പിലാക്കാൻ ആരുമുണ്ടായില്ല. സർക്കാരും പൊതുജനങ്ങളും ഒരുപോലെ ഈ പ്രശ്നത്തിൽ അലസത പുലർത്തി. അതിന്റെ ഫലമായി സംഭാവനയെന്ന പേരിലോ, രജിസ്ട്രേഷൻ ഫീസ് എന്ന പേരിലോ 1989–ൽ എൻജിനിയറിങ്–മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികളെ ചേർക്കുന്നതിനു ഭാരിച്ച കോഴ കോളേജ് അധികൃതർ ഇതിനകം വാങ്ങുകയുംചെയ്തു. എൻജിനിയറിങ് കോളേജുകളിൽ ഈ ആണ്ടിലെ തലവരി (ക്യാപിറേറഷൻ ഫീസ്) അറുപതിനായിരംമുതൽ എഴുപതിനായിരംവരെ രൂപയാണത്രെ. കർണാടകത്തിലെ മെഡിക്കൽ കോളേജുകളിൽ ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് മൂന്നു ലക്ഷംമുതൽ നാലു ലക്ഷംവരെ രൂപ തലവരിയായി വാങ്ങിയിട്ടുണ്ടെന്നാണ് 1989 ഏപ്രിൽ 23–ാം തീയതിയിലെ 'ഡെക്കാൻ ഹെറാൾഡ്' പത്രം റിപ്പോർട്ടുചെയ്തിട്ടുള്ളത്.

1984–ലെ കർണാടക വിദ്യാഭ്യാസ സ്ഥാപന നിയമമനുസരിച്ചു തലവരി നിരോധിച്ചപ്പോൾ ആ നിയമത്തിൽ നിർദേശിച്ച പുതിയ ഫീസ്‌വ്യവസ്ഥ എൻജിനിയറിങ്–മെഡിക്കൽ കോളേജുകളിൽ ഗവൺമെന്റ് നിലവിൽവരുത്തേണ്ടതായിരുന്നു. അതു നിലവിൽവരുത്തിയിട്ടില്ലെന്നതാണ് ഈ വർഷവും